Intellect Thought Submission

MSM

mujahid students movement

KERALA

ENLIGHTENING GENERATIONS

CRE

CONTINUING RELIGIOUS EDUCATION

MUJAHID STUDENTS MOVEMENT

# CRE 2025-26

## SESSION 05

## Segment 1

**Objectives**

1. സൂറഃ മനഃപാഠമാക്കൽ.
2. ഖുർആൻ ആശയം ഗ്രഹിച്ച് പഠിക്കാൻ പ്രോത്സാഹനം നൽകൽ.
3. തജ്‌വീദോടു കൂടി ഖുർആൻ പാരായണം ചെയ്യാൻ പ്രചോദിപ്പിക്കൽ.

## സൂറത്തുന്നസ്ർ

https://youtu.be/mpWHS5scTfE?si=mykXMskGKC3wh6wz

بِسْمِ ٱللَّهِ ٱلرَّحْمَـٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

إِذَا جَآءَ نَصْرُ ٱللَّهِ وَٱلْفَتْحُ ﴿١﴾

**അല്ലാഹുവിന്റെ സഹായവും, വിജയവും വന്നാൽ:-**

إِذَاجَاءَ വന്നാൽ, വരുമ്പോൾ نَصْرُاللَّـهِ അല്ലാഹുവിൻറെ സഹായം وَالْفَتْحُ വിജയവും, തുറവിയും

وَرَأَيْتَ ٱلنَّاسَ يَدْخُلُونَ فِى دِينِ ٱللَّهِ أَفْوَاجًا ﴿٢﴾

**അല്ലാഹുവിന്റെ മതത്തിൽ കൂട്ടംകൂട്ടമായി പ്രവേശിക്കുന്നതായി മനുഷ്യരെ നീ കാണുകയും (ചെയ്താൽ),-**

وَرَأَيْتَ നീ കാണുകയും (ചെയ്താൽ) النَّاسَ മനുഷ്യരെ يَدْخُلُونَ അവർ പ്രവേശിക്കുന്നതായി فِي دِينِ اللَّـهِ അല്ലാഹുവിൻറെ മതത്തിൽ أَفْوَاجًا കൂട്ടങ്ങളായി; കൂട്ടംകൂട്ടമായി

فَسَبِّحۡ بِحَمۡدِ رَبِّكَ وَٱسۡتَغۡفِرۡهُۚ إِنَّهُۥ كَانَ تَوَّابَۢا ﴿٣﴾

**അപ്പോൾ നീ നിന്റെ റബ്ബിനെ സ്തുതിച്ചുകൊണ്ട് 'തസ്ബീഹു' [സ്തോത്ര കീർത്തനം] ചെയ്തുകൊള്ളുക; അവനോടു പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും അവൻ പശ്ചാത്താപം സ്വീകരിക്കുന്നവനാകുന്നു.**

فَسَبِّحْ അപ്പോൾ (എന്നാൽ) നീ തസ്ബീഹു നടത്തിക്കൊള്ളുക بِحَمْدِ സ്തുതിച്ചുകൊണ്ട്, സ്തുതിയോടെ رَبِّكَ നിന്റെ റബ്ബിനെ, റബ്ബിന്റെ وَاسْتَغْفِرْهُ അവനോടു പാപമോചനം തേടുകയും ചെയ്യുക إِنَّهُ كَانَ നിശ്ചയമായും അവൻ ആകുന്നു (ആണ്) تَوَّابًا പശ്ചാത്താപം സ്വീകരിക്കുന്നവൻ

---

## തജ്‌വീദ്

### مد متصل

**ദീർഘം രണ്ട് വിഭാഗം ആണെന്നും അതിൽ സാധാരണ ദീർഘം എന്താണെന്നും നമ്മൾ പഠിച്ചു. എന്നാൽ അസാധാരണ ദീർഘം വ്യത്യസ്ത രീതിയിൽ ഉണ്ട്..അതിൽ ഒന്നു മാത്രമാണ് مدّ متصل**

**ഈ ആയത്ത് ഒന്ന് ഓതി നോക്കാം..**

إِذَا جَآءَ نَصۡرُ ٱللَّهِ وَٱلۡفَتۡحُ

**ഇവിടെ إِذَا جَآءَ എന്ന ഭാഗത്ത് ദീർഘത്തിനുശേഷം همزة യാണുള്ളത്. ആയതിനാൽ അവിടെ സാധാരണയിൽ കവിഞ്ഞ് നീട്ടി വായിക്കണം..**

**മദ്ദിന് ശേഷം همزة ഒരേ പദത്തിൽ അടുത്തടുത്തായി വന്നാൽ 4/5 حركات നീട്ടൽ واجب ആണ് (നിർബന്ധമാണ്).**

മറ്റു ഉദാഹരണങ്ങൾ:-

1) فَمَن شَآءَ ذَكَرَهُۥ

2) وَأَمَّا ٱلسَّآئِلَ فَلَا تَنۡهَرۡ

---

## Segment 2

Camproot
a moral compass...

## ഇസ്‌ലാം കാര്യങ്ങൾ

# 1. രണ്ട് സാക്ഷ്യ വചനങ്ങൾ

Objectives

1. ശഹാദത്ത് കേവല വാചകങ്ങൾക്കപ്പുറം ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്താനുള്ളതാണ് എന്ന് ബോധ്യപ്പെടൽ.

2. ഇസ്‌ലാമിക കർമ ശാസ്ത്രത്തിന്റെ അടിസ്ഥാനം പടച്ചവനിൽ നിന്നാണ് എന്ന് അറിയൽ.

3. മുഹമ്മദ് നബി (സ്വ) യുടെ ചര്യയെ പിൻപറ്റലാണ് പരലോക വിജയത്തിന്റെ ആധാരം എന്ന് മനസ്സിലാക്കൽ

---

- **ഇസ്‌ലാമിന്റെ 5 തൂണുകൾ അറിയില്ലേ?**
  **ഇമാം നവവി 40 ഹദീസുകൾ | 3 | nermozhi**

**وَعَنِ ابْنِ عُمَرَ قَالَ: قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: "بُنِيَ الْإِسْلَامُ عَلَى خَمْسٍ: شَهَادَةِ أَنْ لَا إِلَهَ إِلَّا اللَّهُ وَأَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ وَإِقَامِ الصَّلَاةِ وَإِيتَاءِ الزَّكَاةِ وَالْحَجِّ وَصَوْمِ رَمَضَانَ"**

**ഇബ്നു ഉമർ (റ) വിൽ നിന്ന് നിവേദനം. നബി പറഞ്ഞു: ഇസ്‌ലാം അഞ്ച് കാര്യങ്ങളിൽ സ്ഥാപിതമാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദുൻ റസൂലുല്ലാഹ് എന്നീ വാക്യങ്ങൾക്ക് സാക്ഷ്യം വഹിക്കുക, നമസ്കാരം നിലനിർത്തുക, സകാത്ത് നൽകുക, ഹജ്ജ് നിർവഹിക്കുക, റമദാനിൽ നോമ്പ് നോൽക്കുക, എന്നിവയാണവ.** (ബുഖാരി:8 - മുസ്ലിം:16)

**💠ഇസ്‌ലാം പടുത്തുയർത്തപ്പെട്ടിരിക്കുന്നത് ഈ അഞ്ച് സ്തംഭങ്ങൾക്ക് മേലാണ്. അവയിൽ ഒന്നാമത്തെ കാര്യം രണ്ട് ശഹാദതുകളാണ്.**

**എന്താണ് ശഹാദ?**

**പടച്ചവനു കൊടുക്കുന്ന ഒരു കരാറാണത്;**

أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا رَسُولُ اللَّهِ

**"അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു"**

**'അശ്ഹദു' -ഞാൻ സാക്ഷ്യം വഹിക്കുന്നു-; എന്നു പ്രഖ്യാപിക്കുന്നത് കൊണ്ട് അർത്ഥമാക്കുന്നത് എന്താണ്?**

💠 അറബി ഭാഷയിൽ 'ശഹിദ' (شَهِدَ) എന്ന വാക്കിനോടാണ് ഈ പദം ബന്ധപ്പെട്ടു കിടക്കുന്നത്. ഈ പദം -ഭാഷയിൽ- മൂന്ന് അർത്ഥങ്ങൾ ഉൾക്കൊള്ളുന്നു. അവ:

1- ഒരു കാര്യത്തിന് സാക്ഷിയാകൽ.

2- അതിനെ കുറിച്ച് അറിയൽ.

3- അക്കാര്യം മറ്റുള്ളവരെ അറിയിക്കൽ.

🔻 ഈ മൂന്ന് കാര്യങ്ങളും 'അശ്ഹദു' എന്ന വാക്ക് ഉൾക്കൊള്ളുന്നു. 'ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത്:

(1) ഞാൻ എന്റെ മനസ്സു കൊണ്ട് സാക്ഷ്യം വഹിക്കുകയും;

(2) അറിഞ്ഞു മനസ്സിലാക്കുകയും ചെയ്ത കാര്യം;

(3) എന്റെ നാവ് കൊണ്ട് ഞാൻ പ്രഖ്യാപിക്കുന്നു എന്നാണ്.

◾ ദീനിന്റെ എല്ലാ അടിസ്ഥാനങ്ങളുടെയും മൂലക്കല്ല് ഈ രണ്ട് വാക്യങ്ങളാണ്. ◾ ഇസ്‌ലാമിലെ ബാക്കിയെല്ലാ സ്തംഭങ്ങളും മറ്റു പ്രവർത്തനങ്ങളും പരലോകത്ത് ഉപകാരപ്പെടണമെങ്കിൽ അവയെല്ലാം ഈ ശഹാദത് കലിമക്ക് മേൽ പടുത്തുയർത്തപ്പെട്ടതായിരിക്കണം.

## 1. ഒന്നാമത്തെ സാക്ഷ്യം:

أَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ

لاَ إِلَهَ : ഒരു ആരാധ്യനുമില്ല; إِلاَّ اللَّهُ : അല്ലാഹുവല്ലാതെ

◾ അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല.

**ലാ ഇലാഹ ഇല്ലല്ലാഹ്: ആശയം**

**1. അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുന്ന ആരും തന്നെ ആരാധനയുടെ ഒരു വശവും അർഹിക്കുന്നില്ല;**

**ആരാധനയുടെ എല്ലാ തലങ്ങളും സ്രഷ്ടാവായ അല്ലാഹു മാത്രമാണ് അർഹിക്കുന്നത്.**

{ وَمَا خَلَقْتُ ٱلْجِنَّ وَٱلْإِنسَ إِلَّا لِيَعْبُدُونِ }

**"ജിന്നുകളെയും മനുഷ്യരെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല."** [Surah Adh-Dhāriyāt: 56]

**2. ഹലാലും ഹറാമും നിശ്ചയിക്കുന്നവൻ (شَارِع) അല്ലാഹുവാണ്.**

- **അല്ലാഹു നിഷിദ്ധമാക്കിയ ഒരു കാര്യം ആരെങ്കിലും അനുവദനീയമാക്കുകയോ, അല്ലാഹു അനുവദിച്ച ഒരു കാര്യം ആരെങ്കിലും നിഷിദ്ധമാക്കുകയോ ചെയ്തെന്നു കരുതുക. അല്ലാഹുവിന്റെ വിധിക്ക് വിരുദ്ധമായ ഈ നിയമം നിർമ്മിച്ച വ്യക്തിയെ സത്യപ്പെടുത്തി കൊണ്ട് ആരെങ്കിലും അതിൽ അയാളെ അനുസരിച്ചാൽ അവൻ അയാളെ റബ്ബാക്കലാകും.**

- **യഹൂദ-നസ്വാറാക്കൾ ചെയ്തത് ഉദാഹരണം. അവർ അല്ലാഹുവിന്റെ വിധികൾ മാറ്റി മറിക്കാൻ തങ്ങളുടെ പുരോഹിതന്മാർക്ക് അവകാശവും അധികാരവുമുണ്ടെന്നു വിശ്വസിച്ചു കൊണ്ട് അവരെ അനുസരിച്ചു. അതിനാൽ അവർ പുരോഹിതന്മാരെ റബ്ബുകളാക്കി എന്നാണ് ഖുർആൻ പറഞ്ഞത്.**

اتَّخَذُوا أَحْبَارَهُمْ وَرُهْبَانَهُمْ أَرْبَابًا مِّن دُونِ اللَّهِ

**"അവരുടെ പണ്ഡിതൻമാരെയും പുരോഹിതൻമാരെയും അല്ലാഹുവിന് പുറമെ അവർ റബ്ബുകളായി സ്വീകരിച്ചു."** (തൌബ: 31)

**അപ്പോൾ അല്ലാഹു -تَعَالَى- യുടെ നിയമങ്ങളെ മാറ്റി മറിക്കുന്നവരെ, അതിൽ സത്യപ്പെടുത്തിക്കൊണ്ട് അനുസരിക്കുന്നത് അല്ലാഹുവിന് പുറമെ റബ്ബുകളെ നിശ്ചയിക്കലാണ്.**

**എന്നാൽ അല്ലാഹുവിന്റെ തീരുമാനത്തിന് വിരുദ്ധമായി കൽപ്പിക്കുന്ന ഒരാളെ അനുസരിച്ചു എന്നത് കൊണ്ട് മാത്രം അയാളെ അല്ലാഹുവിന് പുറമെയുള്ള റബ്ബാക്കി എന്നർത്ഥമില്ല. ഉദാഹരണത്തിനു മാതാപിതാക്കളെ അല്ലാഹുവിന്റെ തീരുമാനത്തിന് വിരുദ്ധമായി അനുസരിക്കുന്നത് തെറ്റാണെങ്കിലും അത് മാതാപിതാക്കളെ അല്ലാഹുവിന് പുറമെ റബ്ബായി നിശ്ചയിക്കലല്ല.**

## 2. രണ്ടാമത്തെ സാക്ഷ്യം :

أَشْهَدُ أَنَّ مُحَمَّدًا رَسُولُ اللَّهِ

**“മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദൂതനാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു.”**

**നമ്മൾ ഈ പ്രഖ്യാപനം നടത്തിയത് ആത്മാർത്ഥമായാണോ? 4 കാര്യങ്ങൾ നമ്മളിലുണ്ടോ എന്ന് നോക്കുക;**

**<u>മുഹമ്മദുൻ റസൂലുല്ലാഹ് - യുടെ തേട്ടങ്ങൾ:</u>**

**ഒന്ന്: നബി (സ്വ) കൽപ്പിച്ച കാര്യങ്ങൾ അനുസരിക്കുക.**

وَمَا أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ اللَّهِ

**അല്ലാഹുവിന്റെ ഉത്തരവ് പ്രകാരം അനുസരിക്കപ്പെടുവാൻ വേണ്ടിയല്ലാതെ നാം ഒരു ദൂതനെയും അയച്ചിട്ടില്ല.** (ഖുർആൻ:4/64)

قُلْ أَطِيعُوا اللَّهَ وَالرَّسُولَ فَإِن تَوَلَّوْا فَإِنَّ اللَّهَ لَا يُحِبُّ الْكَافِرِينَ

**പറയുക: നിങ്ങൾ അല്ലാഹുവെയും റസൂലിനെയും അനുസരിക്കുവിൻ. ഇനി അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം അല്ലാഹു സത്യനിഷേധികളെ സ്നേഹിക്കുന്നതല്ല; തീർച്ച.** (ഖുർആൻ:3/32)

مَّن يُطِعِ الرَّسُولَ فَقَدْ أَطَاعَ اللَّهَ

**(അല്ലാഹുവിന്റെ) ദൂതനെ ആർ അനുസരിക്കുന്നുവോ തീർച്ചയായും അവൻ അല്ലാഹുവിനെ അനുസരിച്ചു.** (ഖുർആൻ:4/80)

### ചിന്താ വിഷയം : നമ്മൾ നബി (സ്വ) യെ അനുസരിക്കുന്നുണ്ടോ?

- **നമ്മുടെ വസ്ത്രം നബി (സ്വ) പഠിപ്പിച്ചത് പോലെയാണോ?**
- **ആൺ പെൺ ഇടകലരലുകളിൽ നബി (സ്വ) പഠിപ്പിച്ച അതിർവരമ്പുകൾ നമ്മൾ പാലിക്കാറുണ്ടോ?**
- **നമ്മുടെ വീട്ടിലെ ആഘോഷ വേളകൾ അല്ലാഹുവിനും പ്രവാചകനും ഇഷ്ടമുള്ളത് പോലെ ആകാറുണ്ടോ?**

**രണ്ട്: നബി (സ്വ) അറിയിച്ചുതന്ന കാര്യങ്ങൾ സത്യപ്പെടുത്തുക. അവിടുന്നാണ് ജനങ്ങളിലെ ഏറ്റവും വലിയ സത്യസന്ധൻ.**

**നബി (സ്വ) നമുക്ക് അറിയിച്ചു തന്ന കാര്യങ്ങൾ മുഴുവൻ സത്യമാണ്. കാരണം അല്ലാഹുവിൽ നിന്നുള്ള വഹ്‌യ് മൂലവും, വഹ്‌യിന്റെ അടിസ്ഥാനത്തിലും മാത്രമാണ് അവിടുന്ന് സംസാരിക്കാറുള്ളത്.**

وَمَا يَنطِقُ عَنِ ٱلْهَوَىٰٓ

إِنْ هُوَ إِلَّا وَحْىٌ يُوحَىٰ

**“അദ്ദേഹം തന്നിഷ്ടപ്രകാരം സംസാരിക്കുന്നുമില്ല. അത്, അദ്ദേഹത്തിനു നൽകപ്പെടുന്ന 'വഹ്‌യ്' [ദൈവികബോധനം] അല്ലാതെ (മറ്റൊന്നും) അല്ല.”**

**(ഖുർആൻ 53:3-4)**

ഖുർആനിലോ സ്വഹീഹായ ഹദീസിലോ സ്ഥിരപ്പെട്ട് വന്ന കാര്യങ്ങളിൽ പിന്നെ സംശയിക്കാൻ പാടില്ല.

- **നബി പറയുന്ന എല്ലാ കാര്യങ്ങളും സംശയലേശമന്യേ അതേപടി വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്യുന്നവരായിരുന്നു സ്വഹാബികൾ.**
- **അബൂബക്കർ (റ) വിന് സ്വിദ്ദീഖ് (സത്യസന്ധൻ) എന്ന പേര് ലഭിച്ചതുതന്നെ അദ്ദേഹത്തിന് ഇക്കാര്യത്തിൽ ഏറ്റവും ദൃഢതയുള്ളതു കൊണ്ടായിരുന്നു.**

**മൂന്ന്: നബി (സ്വ) വിലക്കുകയും തടയുകയും ചെയ്ത കാര്യങ്ങൾ വെടിയുക.**

... وَمَا آتَاكُمُ الرَّسُولُ فَخُذُوهُ وَمَا نَهَاكُمْ عَنْهُ فَانْتَهُوا ۚ وَاتَّقُوا اللَّهَ ۖ إِنَّ اللَّهَ شَدِيدُ الْعِقَابِ

**“... നിങ്ങൾക്കു റസൂൽ നൽകിയതെന്തോ അത് നിങ്ങൾ സ്വീകരിക്കുക. എന്തൊന്നിൽ നിന്ന് അദ്ദേഹം നിങ്ങളെ വിലക്കിയോ അതിൽ നിന്ന് നിങ്ങൾ ഒഴിഞ്ഞ് നിൽക്കുകയും ചെയ്യുക. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാണ്.”**

**(ഖുർആൻ: 59:7)**

## ചിന്താ വിഷയം : റസൂൽ (സ്വ) വിലക്കിയത് ഉപേക്ഷിക്കാൻ കഴിയാറുണ്ടോ?

**എല്ലാ അവസരങ്ങളും ഉണ്ടായിട്ടും അല്ലാഹുവും റസൂലും വിലക്കി എന്നത് കൊണ്ട് മാത്രം നമ്മൾ ഏതെങ്കിലും തിന്മയിൽ നിന്ന് വിട്ടുനിന്നിട്ടുണ്ടോ?**

◾ **ഒരിക്കൽ നബി (സ്വ) ഒരു സ്വഹാബിയുടെ കയ്യിൽ സ്വർണ്ണ മോതിരം കണ്ടു. അവിടുന്ന് അത് ഊരി എറിഞ്ഞിട്ട് ചോദിച്ചു: "നിങ്ങളിൽ ആരെങ്കിലും ഒരു തീക്കനൽ എടുത്ത് തന്റെ കൈയിൽ വയ്ക്കുമോ?".**

**(പുരുഷന്മാർക്ക് സ്വർണം ധരിക്കൽ ഹറാമാണ്.)**

**റസൂൽ (സ) പോയിക്കഴിഞ്ഞപ്പോൾ ചിലർ ആ മനുഷ്യനോട് ആ മോതിരം എടുത്ത് വീട്ടിലെ സ്ത്രീകൾക്ക് നൽകുകയോ വിൽക്കുകയോ ചെയ്ത് കൊള്ളാൻ പറഞ്ഞു.**

**അദ്ദേഹം മറുപടി പറഞ്ഞു: "ഇല്ല, അല്ലാഹുവാണെ സത്യം, ഞാൻ അത് ഒരിക്കലും തിരികെ എടുക്കില്ല, കാരണം അല്ലാഹുവിന്റെ ദൂതൻ (സ) വലിച്ചെറിഞ്ഞതാണത്."**

**നാല്: നബി (സ്വ) ഇബാദത്തായി പഠിപ്പിച്ച കാര്യങ്ങൾ കൊണ്ട് മാത്രം അല്ലാഹുവിനെ ആരാധിക്കുക.**

◾ **എങ്ങനെയാണ് അല്ലാഹുവിനെ ആരാധിക്കേണ്ടതെന്ന കാര്യം ഏറ്റവും പൂർണ്ണമായ രൂപത്തിൽ നബി നമ്മെ പഠിപ്പിച്ചിട്ടുണ്ട്. അപ്രകാരമാണ് അല്ലാഹുവിനുള്ള മുഴുവൻ ഇബാദത്തുകളും സമർപ്പിക്കേണ്ടത്.**

◾ **നബി (സ്വ) പറഞ്ഞു :**

مَنْ عَمِلَ عَمَلاً لَيْسَ عَلَيْهِ أَمْرُنَا فَهُوَ رَدٌّ

**“ആരെങ്കിലും (മതത്തിൽ) നമ്മുടെ കൽപനയില്ലാത്ത കാര്യം പ്രവർത്തിച്ചാൽ അത് തള്ളപ്പെടേണ്ടതാണ്.”**

**ചുരുക്കത്തിൽ,**

**ശഹാദത്ത് എന്നത് ഒരു മുസ്‌ലിമിന്റെ ജീവിതത്തിന്റെ അടിസ്ഥാനമാണ്.**

**ഓരോ തീരുമാനത്തിലും, ഓരോ പ്രവൃത്തിയിലും ഈ പ്രഖ്യാപനത്തിന്റെ സാരം ഉൾക്കൊള്ളുന്നതിലൂടെയാണ് ശഹാദത്ത് പൂർണ്ണമാകുന്നത്.**

**അല്ലാഹു അനുഗ്രഹിക്കട്ടെ, ആമീൻ** 🤲

**Segment 4** "Learn A Dua"

Objectives:

1. പ്രാർത്ഥനകൾ അർഥ സഹിതം പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യൽ.

## ടൊയിലറ്റിൽ പ്രവേശിക്കുമ്പോഴും പുറത്തിറങ്ങുമ്പോഴുമുള്ള പ്രാർത്ഥനകൾ

◾ **ടൊയിലറ്റിൽ പ്രവേശിക്കുമ്പോൾ :**

اللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبُثِ وَالْخَبَائِثِ

**അല്ലാഹുവേ! എല്ലാ ആൺ പെൺ പിശാചിൽ നിന്നും നിന്നോട് ഞാൻ രക്ഷതേടുന്നു.**

البخاري: ١٤٢ ، مسلم:375

◾ **ടൊയിലറ്റിൽ നിന്ന് പുറത്തിറങ്ങുമ്പോൾ**

غُفْرَانَكَ

**അല്ലാഹുവേ, നിന്നോട് ഞാൻ പൊറുക്കലിനെ തേടുന്നു.**

سنن أبي داود , سنن الترمذي

## Segment 5

QURANIC CHAPTERS

**കഴിഞ്ഞ സെഷനുകളിൽ പഠിച്ച ആദ്യ 20 സൂറത്തുകൾ ഓർമയുണ്ടോ?**

21. അൽ അൻബിയാഅ് : പ്രവാചകന്മാർ
22. അൽ ഹജ്ജ് : തീർത്ഥാടനം
23. അൽ മുഅ്മിനൂൻ : സത്യവിശ്വാസികൾ
24. അന്നൂർ : പ്രകാശം
25. അൽ ഫുർഖാൻ : സത്യാസത്യ വിവേചനം

## WEEKLY TASK

**Instagram ഉപയോഗിക്കാറുണ്ടോ? നന്മകൾക്കാണോ തിന്മകൾക്കാണോ ഉപയോഗം? അതോ, അനാവശ്യമായി സമയം നശിപ്പിക്കുകയോ?**

**ഈ ആഴ്ചത്തെ ടാസ്ക്:**

**cre.msmkerala എന്ന സംസ്ഥാന CRE വിങിന്റെ ഇൻസ്റ്റാഗ്രാം അക്കൗണ്ട് ഫോളോ ചെയ്യുക.**

https://www.instagram.com/cre.msmkerala?igsh=eXlxa2ZyeDloZHRu

***(ഈ അക്കൗണ്ട് ഫോളോ ചെയ്ത ലിസ്റ്റ് നോക്കിയാൽ MSM ന്റെ മറ്റു അക്കൗണ്ടുകളും ഫോളോ ചെയ്യാം.)***

**Instagram ഇല്ലാത്തവർ Camproot എന്ന MSM YouTube ചാനൽ Subscribe ചെയ്യുക.** ***(ഉള്ളവർക്കും ചെയ്യാം.)***

CRE WING | MSM Kerala